II അടിയന്തിരപ്രമേയം

തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിൽ ഉൽസവം അലങ്കോലപ്പെടുത്തുന്നതിന് ശ്രമം നടത്തിയതു സംബന്ധിച്ച്:

മി. ഡെപ്യൂട്ടി സ്പീക്കർ: തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിൽ നടക്കാനിരിക്കുന്ന ഉൽസവം അലങ്കോലപ്പെടുത്തുന്നതിനും മതവികാരം ഇളക്കി വിടുന്നതിനും ഒരു സംഘം ആളുകൾ നടത്തുന്ന ശ്രമത്തെത്തുടർന്നു ഉളവായിരിക്കുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനു ഇന്നത്തെ സഭാ നടപടികൾ നിർത്തി വയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. എം.വി. രാഘവൻ, ശ്രീ. പിണറായി വിജയൻ എന്നിവർ റൂൾ 50 അനുസരിച്ചു ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 A.M.]

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിലെ ഉൽസവം സംബന്ധിച്ച് അവിടത്തെ ഭരണസമിതിയും ക്ഷേത്ര സംരക്ഷണ സമിതിയും തമ്മിൽ ഉൽസവക്കാലത്ത് ക്ഷേത്രത്തിൽ മുസ്ലീങ്ങൾ പ്രവേശിക്കാൻ പാടില്ലെന്നു നിരോധിച്ചുകൊണ്ട് ബോർഡ് വയ്ക്കണമെന്ന കാര്യത്തിൽ ഒരു തർക്കം നിലവിലുണ്ട്. ഭരണ സമിതി അംഗങ്ങൾ ബോർഡു വയ്ക്കാൻ ആഗ്രഹിക്കുന്നില്ല. ക്ഷേത്ര സംരക്ഷണ സമിതിക്കു സ്ഥലത്തെ ഹിന്ദുക്കളുടേയും, ആർ. എസ്. എസ്. കാരുടേയും പിന്തുണയുണ്ട്. ക്ഷേത്ര ഭരണ സമിതിക്ക് സ്ഥലത്തെ മാർക്സിസ്റ്റു പാർട്ടിയുടെ പിന്തുണയുണ്ട്. മുമ്പു പല വർഷങ്ങളിലും ഇതുപോലെ ബോർഡു വയ്ക്കുന്ന കാര്യത്തിലും ബിംബം സ്ഥാപിക്കുന്ന കാര്യത്തിലും ക്ഷേത്ര ഭരണത്തെ സംബന്ധിച്ചും എല്ലാം തർക്കങ്ങൾ ഉണ്ടായിരുന്നു. ഇരു കൂട്ടരും തമ്മിൽ ഇനിയും ഉൽസവ കാലത്തു തർക്കമുണ്ടാകുമെന്നു കാര്യമായി സംശയിക്കുകയാണ്. ഈ വർഷത്തെ ഉൽസവം മാർച്ച് 9.ാം തീയതി മുതൽ മാർച്ച് 16.ാം തീയതി വരെയാണ്. ആ സമയത്ത് തർക്കമുണ്ടാകാതിരിക്കുവാൻ ഇരുഭാഗത്തുമുള്ള പ്രമാണിമാരെ വിളിച്ചുവരുത്തി ബോർഡ് വയ്ക്കുന്ന കാര്യത്തെ സംബന്ധിച്ചും മത വിദ്വേഷം പ്രചരിപ്പിക്കുന്നതിനെ സംബന്ധിച്ചും തർക്കമുണ്ടാകുകയില്ലെന്നു ബോർഡ് വയ്ക്കേണ്ടത് ആശാസ്യമാണെന്നു കരുതി തലശ്ശേരി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും മേൽ നടപടികൾക്കായി മജിസ്ട്രേട്ടു കോടതിയിൽ അയക്കുകയും ചെയ്തു. ഇങ്ങനെയൊരു നടപടി സ്വീകരിച്ചതിനെ ഇരുഭാഗക്കാരും സെഷൻസ്, കോടതിയിലും ഹൈക്കോടതിയിലും ചോദ്യം ചെയ്തു. പക്ഷേ രണ്ടു കോടതികളും ഇക്കാര്യത്തിൽ ഇടപെടുന്നതു ശരിയല്ലെന്നു തീരുമാനിച്ചു. അതുപ്രകാരം കേസ്സിന്റെ അവധി മാർച്ച് 9.ാം തീയതിക്കു വച്ചിരിക്കുകയാണ്. തലശ്ശേരി എ. എസ്. പി. യുടെ റിപ്പോർട്ടു പ്രകാരം തലശ്ശേരി മുനിസിപ്പൽ അതിർത്തിയിൽ മുസ്ലീങ്ങൾ പ്രവേശിക്കുന്നതു നിരോധിച്ചുകൊണ്ടുള്ള ബോർഡു വയ്ക്കുന്നതോ ആയുധംകൊണ്ടുള്ള സഞ്ചാരമോ അക്രമാസക്തമായ മറ്റു നടപടികളോ നിരോധിച്ചുകൊണ്ട് 144.ാം വകുപ്പുപ്രകാരം ഇന്നലെ, 8.3.1979-ൽ 6.30 ന് ഉത്തരവു കൊടുത്തിട്ടുണ്ട്. അങ്ങനെ കൊടുക്കാൻ പ്രധാനപ്പെട്ട കാരണം ഇരുഭാഗക്കാരും ശക്തരാണ്, ഇരു

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടർക്കും ആവശ്യമായ പിന്തുണയുണ്ട്, അതുകൊണ്ട് ഈ ഉൽസവക്കാലത്തു സംഘട്ടനമുണ്ടാകാൻ ഇടയുണ്ട് എന്നുള്ളതാണ്. അതുകൊണ്ടാണ് ഇങ്ങനെ ഒരു തീരുമാനം എടുത്തിട്ടുള്ളത്. ആ തീരുമാനത്തിനു മതിയായ കാരണമുണ്ട്. മാർച്ച് 9 മുതൽ 16 വരെയുള്ള ഈ ഉൽസവ കാലത്തു യാതൊരു അക്രമ നടപടികളും ഉണ്ടാകാതിരിക്കുവാനുള്ള നടപടികളെടുത്തിട്ടുണ്ട്. നിരോധന നടപടികളും കർശനമായി പാലിക്കാനും ചട്ടം കെട്ടിയിട്ടുണ്ട്. അവിടെയുള്ള സംഭവവികാസങ്ങളും ശ്രദ്ധയോടുകൂടി വീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അവിടെ എല്ലാം ശാന്തമാണ്, സ്ഥിതിഗതി നിയന്ത്രണാധീനമാണ്.

ശ്രീ. എം. വി. രാഘവൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറയുന്ന വസ്തുതകളും ശരിയല്ല. തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിൽ ഇന്നു മുതൽ കൊടിയേറി ഉൽസവം ആരംഭിക്കുകയാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ക്ഷേത്ര കമ്മിറ്റിക്കു എന്തെങ്കിലും രാഷ്ട്രീയമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഏതെല്ലാം രാഷ്ട്രീയക്കാർ അതിലുണ്ടെന്നും ഞാൻ പരിശോധിച്ചിട്ടില്ല. പല രാഷ്ട്രീയക്കാരും ദൈവത്തിൽ വിശ്വസിക്കുന്നുണ്ടാകും, അവർ പോകുന്നുണ്ടാകും, അതിന്റെ അടിസ്ഥാനത്തിൽ ഉൽസവം നടക്കുന്നുണ്ടാകും. ഉൽസവ കമ്മിറ്റി പറഞ്ഞിട്ടുള്ളത് ഉൽസവം നടക്കുന്ന പ്രദേശത്ത് ഏതെങ്കിലും ആളുകൾ പ്രവേശിക്കുന്നതു നിരോധിച്ചുകൊണ്ടുള്ള ബോർഡ് വയ്ക്കേണ്ട ആവശ്യമില്ലെന്നാണ്. ശ്രീനാരായണന്റെ തത്വസംഹിതയുടെ അടിസ്ഥാനത്തിലാണ് ആ ക്ഷേത്രം സ്ഥാപിച്ചിട്ടുള്ളത്. ശ്രീനാരായണന്റെ തത്വം എന്നു പറഞ്ഞാൽ 'മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി' യെന്നാണ്. ജാതി ചോദിക്കരുത്, പറയരുത്, വിചാരിക്കരുത് എന്നാണ്. ആ തത്വം അനുസരിച്ച് ഞങ്ങൾ ഈ ബോർഡ് വയ്ക്കുന്നതിനു എതിരാണെന്നു ക്ഷേത്രത്തിൽ ഭരണം നടത്തുന്ന കമ്മിറ്റി പറഞ്ഞിട്ടുണ്ട്. അങ്ങനെ പറഞ്ഞ കമ്മിറ്റിയുടെ പേരിൽ 107 അനുസരിച്ച് കേസ് ചാർജ് ചെയ്തിട്ടുള്ളത് എന്തർത്ഥത്തിലാണെന്നാണ് ഞങ്ങൾക്കു മനസ്സിലാകാത്തത്. ആർ. എസ്. എസ്. കാർ കരുതിക്കൂട്ടി കുഴപ്പമുണ്ടാക്കാൻവേണ്ടി ക്ഷേത്ര കമ്മിറ്റിയുടെ അനുവാദം പോലുമില്ലാതെ ക്ഷേത്ര കമ്മിറ്റി എതിർത്തിട്ടുകൂടി ക്ഷേത്രത്തിനു വെളിയിൽ കൊണ്ടുവന്നു മുഹമ്മദീയർക്കു പ്രവേശനം ഇല്ലെന്നു പറഞ്ഞു ബോർഡ് വയ്ക്കുക. സർ, മുഹമ്മദീയർ എന്തിനു അവിടെ പോകുന്നു? മുഹമ്മദീയർക്കു അവിടെ പോകേണ്ട ആവശ്യമില്ല. അവർ പോകുകയുമില്ല. ദൈവത്തിൽ വിശ്വാസമുള്ളവർ പോകും, ദൈവത്തിൽ വിശ്വാസമില്ലാത്തവർ പോകുകയില്ല. മുഹമ്മദീയർക്കു പ്രവേശനമില്ലെന്നു ബോർഡ് വയ്ക്കുകയും എം. വി. രാഘവൻ അതു വഴി കടന്നു പോകുകയാണെങ്കിൽ ഞാനും മുഹമ്മദീയനാണെന്നു പറഞ്ഞ് അടിയുണ്ടാക്കുകയും ചെയ്യുക. ഞാൻ ഒരു ഉദാഹരണം പറഞ്ഞതാണ്. ആരുതന്നെ പറഞ്ഞാലും നിർബന്ധമായും ബോർഡ് വച്ച് അടിയുണ്ടാക്കുക. മുഹമ്മദീയനാണെന്നു പറഞ്ഞ് അടിയുണ്ടാക്കുക, അങ്ങനെ വർഗ്ഗീയാസ്വാസ്ഥ്യങ്ങൾ ഉണ്ടാക്കുക എന്നുള്ളതാണ് ആർ. എസ്. എസ്. എന്ന ദുഷ്ടശക്തി ഇതിന്റെ പിന്നിൽ പ്രവർത്തിച്ചുകൊണ്ട് ചെയ്യുന്നത്. ഈ ദുഷ്ടശക്തിയെ പിടിച്ചു കെട്ടാൻ ഗവൺമെന്റു തയ്യാറുണ്ടോ എന്നുള്ളതാണ് പ്രശ്നം. അതിനു ഗവൺമെന്റു തയ്യാറാകാതെ ബോർഡ് വയ്ക്കേണ്ട എന്നു പറഞ്ഞ ക്ഷേത്ര കമ്മിറ്റിയുടെ പേരിൽ കേസ് ചെടുക്കുകയാണ് ചെയ്തിട്ടുള്ളത്, മുമ്പുതന്നെ മുഖ്യമന്ത്രി ആർ. എസ്. എസ്സിനെപ്പറ്റി, അതിന്റെ ഗുരുതരമായ

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥയെപ്പറ്റി ചർച്ച ചെയ്യാൻ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ തലശ്ശേരിയെ സംബന്ധിച്ചു ഞാൻ പറഞ്ഞിട്ടുള്ളതാണ്. അന്നു ഞാൻ പറഞ്ഞു. അന്നു ശബരിമല അയ്യപ്പന്റെ ഉൽസവം നടക്കുന്ന കാലത്ത് അയ്യപ്പന്റെ പടം വയ്ക്കണമെന്നു പറഞ്ഞ് ആർ. എസ്. എസ്. കാർ ഇതേ ജഗന്നാഥക്ഷേത്രത്തിൽ കയറി. അയ്യപ്പന്റെ പടം ഇവിടെ വയ്ക്കേണ്ട ആവശ്യമില്ല ഇവിടെ വേറെ ദൈവത്തെ പൂജിക്കുന്ന സ്ഥലമാണ് എന്നു ക്ഷേത്ര കമ്മിറ്റിക്കാർ പറഞ്ഞു. പോലീസിനു റിപ്പോർട്ടു ചെയ്തു. പോലീസ് നടപടിയെടുത്തില്ല. എന്നിട്ടു ആ ക്ഷേത്ര കമ്മിറ്റിക്കാർ കോടതിയിൽ പോയി; സംഘർഷമുണ്ടായപ്പോഴം. അയ്യപ്പന്റെ പടം നീക്കണമെന്നു പറഞ്ഞു കോടതി സർച്ചു വാറണ്ടു കൊടുത്തു. സർച്ചു വാറണ്ടനുസരിച്ചു പോലീസുകാർ ഒരേക്കർ സ്ഥലം മാത്രം വരുന്ന ജഗന്നാഥ ക്ഷേത്രത്തിൽ തിരഞ്ഞു. എന്നിട്ടും അയ്യപ്പന്റെ പടം കിട്ടിയില്ല. വീണ്ടും കോടതി സർച്ചു വാറണ്ടു കൊടുത്തതിനു ശേഷമാണ് തലശ്ശേരിയിലെ പോലീസുകാർ അതു കണ്ടെടുത്തത്. തലശ്ശേരിയിലെ പോലീസുകാർ അക്കാര്യത്തിലും ആർ. എസ്. എസ്. കാർക്കു അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അതുപോലെ തന്നെ ക്ഷേത്ര കമ്മിറ്റിയാണ് ക്ഷേത്രത്തിൽ ഭക്തജനങ്ങളം വരുന്നതും പോകുന്നതും നിയന്ത്രിക്കേണ്ടത്. ആ ഭക്ത ജനങ്ങൾക്കു ആവശ്യമില്ലാത്ത ബോർഡ് ആർ. എസ്. എസ്. കാർ കൊണ്ടുവയ്ക്കുകയും കുഴപ്പമുണ്ടാക്കുകയുമാണ് ചെയ്യുന്നത്. തലശ്ശേരിയിൽ മുമ്പുണ്ടായ വർഗീയകലാപത്തിനു ഉത്തരവാദി ആരാണ്? ഈ ആർ. എസ്. എസ്. കാരാണ്. അന്നു ആ കലാപം നടക്കാൻ പ്രേരണ നൽകിയത്. അന്നു ഹിന്ദുക്കളുടെ ഒരു കലശയാത്ര പോകുമ്പോഴം ഒരു മുസ്ലീം ഹോട്ടലിൽനിന്നും കല്ലെറിഞ്ഞു എന്നുള്ളതാണ്. ആർ. എസ്. എസ്. കാർ കലശയാത്ര നടത്തുകയും ആർ. എസ്. എസ്. കാർ തന്നെ കല്ലെറിയുകയും എന്നിട്ടു കുഴപ്പമുണ്ടാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതു വീണ്ടും ആവർത്തിക്കുവാനാണ് ക്ഷേത്രകമ്മിറ്റിയെ ധിക്കരിച്ച് മുഹമ്മദീയർക്കു പ്രവേശനം ഇല്ലെന്നു ബോർഡ് വച്ചിട്ടുള്ളത്. തലശ്ശേരിയുടെ ചുറ്റുപാടും ആർ. എസ്. എസ്. ഗുണ്ടകളം ആക്രമണം നടത്തുകയാണ്. അടുത്ത കാലത്ത് മാർക്സിസ്റ്റു പ്രവർത്തകൻമാരായ പവിത്രൻ, രാജ്മാഷ് എന്നീ രണ്ടാളുകളെ കൊലപ്പെടുത്തിയ സംഭവം ഉണ്ടായിട്ടുണ്ട്. മാർക്സിസ്റ്റുകാരുമായി ഏറ്റുമുട്ടൽ രാഷ്ട്രീയമായി വരുന്നതിനെ ഹിന്ദു-മുസ്ലീം സംഘർഷമാക്കാൻ വേണ്ടിയാണ് ഈ ദുഷ്ടശക്തികളം ഇത്തരത്തിൽ പ്രവർത്തിക്കുന്നത്. അതിനെ തടയാനുള്ള നടപടികളെടുത്തിട്ടില്ല. അതിനെ ശക്തിയായി നേരിടാനുള്ള നടപടികളില്ല. രണ്ടും ഒരുപോലെയാണെന്നാണു മന്ത്രി വിശദീകരിച്ചത്. രണ്ടും ഒരുപോലെ എന്നു പറഞ്ഞുകൊണ്ട് മതസൗഹാർദ്ദത്തിനുവേണ്ടി നിലകൊള്ളുന്ന ക്ഷേത്രകമ്മിറ്റിക്കാരേയും ഭാരവാഹികളേയും കള്ളക്കേസ്സിൽ കുടുക്കുന്ന ഹീനമായ നടപടിയാണ് എടുക്കുന്നത്. ഇവിടെ ഗവൺമെൻറ് പറയുന്നതും പ്രവർത്തിക്കുന്നതും ആയി യാതൊരു പൊരുത്തവുമില്ല. അതുകൊണ്ട് ആർ. എസ്. എസ്. കാർ ഇവിടെ സാമുദായിക ലഹള കുത്തിപ്പൊക്കാൻ നടത്തുന്ന ശ്രമത്തെ കർശനമായി തടയാൻ ധീരമായ നടപടി ഗവൺമെൻറു ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഈ ഗുരുതരാവസ്ഥ ചർച്ച ചെയ്യണം. തലശ്ശേരിയിൽ കുഴപ്പമുണ്ടായാൽ അത് അവിടെ മാത്രം നിൽക്കുകയില്ല, കേരളമാകെ വ്യാപിക്കും. ആർ. എസ്. എസ്. ന്റെ കൊലയാളി സംഘങ്ങം ഒരു സ്ഥലത്തു മാത്രമല്ല പല സ്ഥലത്തും കൊലപാതകങ്ങം നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഈ ഗുരുതരാവസ്ഥ ഈ സഭ ചർച്ച ചെയ്യണം. കേരളം പോലെ പുരോഗമന ജനാധിപത്യ പ്രസ്ഥാനത്തിന്റെ ശക്തിയുള്ള ഒരു കേന്ദ്രത്തിൽ ഈ വർഗ്ഗീയ ഭ്രാന്തൻമാർ ഈ രാജ്യത്തെ കശാപ്പു ചെയ്യാൻ പുറപ്പെട്ടാൽ അതു പിടിച്ചുനിർത്താൻ എല്ലാപേർക്കും പങ്കുണ്ട്. അതുകൊണ്ട് ഇതു ഈ സഭ ചർച്ച ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, രണ്ടും ഒരുപോലെയാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അവിടെ ജ്ഞാനോദയം എന്നു പറയുന്ന ഒരു ക്ഷേത്രഭരണസമിതിയുണ്ട്. ഭരണ സമിതി മാത്രമല്ല അതിന്റെ ജനറൽ ബോഡി കൂടിയപ്പോഴും ചെറിയ ന്യൂനപക്ഷം മാത്രമാണ് മുഹമ്മദീയർക്ക് അവിടെ പ്രവേശനം ഇല്ലെന്നു ബോർഡു വയ്ക്കണമെന്ന അഭിപ്രായക്കാരായി ഉണ്ടായിരുന്നത്. മറ്റുള്ളവർ മഹാഭൂരിപക്ഷത്തോടുകൂടി തന്നെയാണ് അവിടെ മുഹമ്മദീയർക്ക് പ്രവേശനമില്ലെന്ന ബോർഡു വയ്ക്കേണ്ടതില്ലെന്നു തീരുമാനിച്ചത്. സർ, ഇതു സംബന്ധമായി കഴിഞ്ഞ വർഷം ആനന്ദതീർത്ഥർ എന്നു പറയുന്ന ഒരു സ്വാമി അവിടെ നിരാഹാര സത്യാഗ്രഹം നടത്തുകയും അങ്ങനെ ഗുരുതരമായ പ്രശ്നമായിട്ടു മാറുകയും ചെയ്തതാണ്. അങ്ങനെ കരുതിക്കൂട്ടി വർഗ്ഗീയകലാപമുണ്ടാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ആർ. എസ്. എസ്. ന്റെ ഭാഗത്തുനിന്നും ഇത് ഉണ്ടായിട്ടുള്ളത്. സർ, കല്യാണം നടത്തുന്ന വീട്ടിൽ കല്യാണം നടത്തുന്നവരേയും കല്യാണം മുടക്കുന്നവരേയും ഒരുപോലെ കാണുന്ന സമ്പ്രദായം വിചിത്രമാണ്. മര്യാദയ്ക്കു ക്ഷേത്രഭരണം നടത്തിക്കൊണ്ടു പോകുന്നവരുടെ പേരിൽ കേസെടുത്തിരിക്കുകയാണ്. അതിനു പറയുന്ന ന്യായം മറ്റുള്ളവർ അവിടെ കുഴപ്പമുണ്ടാക്കിക്കളയുമെന്നാണ്. സർ, കുഴപ്പമുണ്ടാക്കുന്നവർക്കെതിരായിട്ടല്ലേ കർശനമായ നടപടി എടുക്കേണ്ടത്. ആർ. എസ്. എസ്. കാർക്കെതിരായല്ലേ ഫലപ്രദമായ നടപടി എടുക്കേണ്ടത്. എന്തുകൊണ്ട് അതിനു മടിച്ചു നിൽക്കുന്നു. അതിനു മടിക്കുകയും ആർ. എസ്. എസ്. കാർക്കെതിരായി നടപടി എടുക്കാതിരിക്കുകയും ആർ. എസ്. എസ്. കാരേയും ക്ഷേത്ര നടത്തിപ്പുകാരേയും തുല്യമായി കണ്ടുകൊണ്ട് തുല്യമായ നടപടി എടുക്കുകയും ചെയ്തത് തികച്ചും പരിഹാസ്യമാണ്. തലശ്ശേരിയിലും പരിസരത്തും ആർ. എസ്. എസ്. കാർ അഴിഞ്ഞാടുകയാണ്. കഴിഞ്ഞ പ്രാവശ്യം മുഖ്യമന്ത്രി സംസാരിച്ചപ്പോഴും പറഞ്ഞു, എല്ലാ സ്ഥലത്തും പരസ്യമായ അവരുടെ ആയുധം ധരിച്ചുള്ള അഭ്യാസപ്രകടനം നിരോധിച്ചിരിക്കുകയാണെന്ന്. തലശ്ശേരി-കോഴിക്കോടു റൂട്ടിലുള്ള തലായിയിൽ ആയുധം ധരിച്ചുള്ള പ്രകടനം നടക്കുകയാണ്. ഞാൻ പറയുന്നത് അവിടത്തെ ആർ. എസ്. എസ്. കാർക്കാവശ്യമായ സൗകര്യങ്ങൾ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും കിട്ടിക്കൊണ്ടിരിക്കുകയാണ്. അവിടെയുള്ള ഉത്തരവാദപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരോട് ഇന്ന ഇന്ന സ്ഥലങ്ങളിൽ ആർ. എസ്. എസ്. ന്റെ ട്രെയിനിംഗ് നടക്കുന്നുണ്ടെന്ന് ഞാൻ പോയി പറഞ്ഞിട്ട് ആവശ്യമായ നടപടികളും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്ന് കുറ്റപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്, അവിടെ ആർ. എസ്. എസ്. ന് അനുകൂലമായ നടപടി എടുക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത്തരം കേസ് സുകളും വന്നിട്ടുള്ളത്. ഒരു തരത്തിലും ഇത് നിഷ്പക്ഷമായ നടപടിയല്ല. ആർ. എസ്. എസ്. ന് എതിരായ നടപടിയല്ല ആർ. എസ്. എസിനെതിരായി നടപടി എടുക്കണമെന്ന്. ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആർ. എസ്. എസ്. നെ തളച്ചുകെട്ടാനാവശ്യമായ നടപടികളും ഈ ഗവൺമെൻറിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതിനാവശ്യമായ കരുത്തു കാണിക്കാൻ ഈ ഗവൺമെൻറിനു സാധിക്കുമോയെന്നുള്ളതാണ് പ്രശ്നം. അല്ലാതെ ഞഞ്ഞാമിഞ്ഞാ ന്യായം പറഞ്ഞ് രണ്ടും ഒരുപോലെയാണെന്നു പറഞ്ഞ് ആർ. എസ്. എസ്. ന് വളരാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കരുതെന്നാണ് എനിക്കു പറയുവാനുള്ളത്.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): ഈ സംഘട്ടനം ഒഴിവാക്കാൻ വേണ്ടിയാണ് കർശനമായ നടപടികളും സ്വീകരിച്ചിരിക്കുന്നത്. സംഘട്ടനം നടത്തുന്നത് ആരായിരുന്നാലും ശരി, ആർ. എസ്. എസ്. കാർ ആയിരുന്നാലും മറ്റ് ആരായിരുന്നാലും അങ്ങനെ സംഘട്ടനം നടത്താൻ അനുവദിക്കുകയില്ല. മുഹമ്മദീയർ പ്രവേശിക്കാൻ പാടില്ലെന്ന ബോർഡ് ഒരു ക്ഷേത്രപരിസരത്ത് വയ്ക്കുന്നതുകൊണ്ട് കുഴപ്പമുണ്ടാകുമെന്ന് കരുതിയാണ് ക്ഷേത്രപരിസരത്തു മാത്രമല്ല തലശ്ശേരി മുനിസിപ്പാലിറ്റിക്കകത്തുപോലും അങ്ങനെ ഒരു ബോർഡു വയ്ക്കാൻ പാടില്ലെന്നും മത സൗഹാർദ്ദത്തിനെതിരായ മുദ്രാവാക്യങ്ങളും വിളിക്കാൻ പാടില്ലെന്നും പറഞ്ഞുകൊണ്ട് 8.3.1979-ൽ തന്നെ നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുള്ളത്. ആർ. എസ്. എസ്. ന് അനുകൂലമായ യാതൊരു നടപടിയും ഈ ഗവൺമെൻറ് ചെയ്തില്ല, ചെയ്യുകയുമില്ല. രണ്ടു ഭാഗത്തുനിന്നും സംഘട്ടനം ഉണ്ടാകാനുള്ള സാദ്ധ്യതകളുള്ളതുകൊണ്ട് അതിനുള്ള സജ്ജീകരണങ്ങളും രണ്ടുകൂട്ടരും നടത്തുന്നതുകൊണ്ട് രണ്ടുഭാഗത്തുള്ള ആളുകളേയും നിലയ്ക്കുനിറുത്തേണ്ട ബാദ്ധ്യത ഗവൺമെൻറിനുണ്ട്. അതിനുള്ള നടപടികളാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. ഈ നടപടികളും സ്വീകരിക്കുവാനുള്ള എല്ലാ ന്യായങ്ങളും ഗവൺമെൻറിന്റെ ഭാഗത്തുണ്ട്. ആർ. എസ്. എസ്. കാരെയോ മറ്റുള്ളവരെയോ സംഘട്ടനം ഉണ്ടാക്കാൻ അനുവദിക്കുകയില്ല. ക്ഷേത്രസമിതിക്ക് ആവശ്യമായ സഹായം കൊടുക്കാൻ സർക്കാരിനു മടിയുമില്ല.

ശ്രീ. എം. വി. രാഘവൻ: അക്രമികളേയും അക്രമികൾക്കെതിരായി നിൽക്കുന്നവരേയും ഒന്നുപോലെ നേരിടുമെന്നാണോ മന്ത്രി പറയുന്നത്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ അവസാനത്തെ പ്രസ്താവന ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചുകാണുമെന്ന് ഞാൻ വിചാരിക്കുന്നു. ഈ ക്ഷേത്ര ഭാരവാഹികൾക്ക് അവരുടെ ഉൽസവവും അതുപോലുള്ള മറ്റു കാര്യങ്ങളും നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ എല്ലാ സംരക്ഷണവും സഹായവും ഗവൺമെൻറ് കൊടുക്കും. അതിനു തടസ്സമുണ്ടാക്കാനോ അതിന് എന്തെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടാക്കാനോ പരിശ്രമിക്കുന്നവരെ തീർച്ചയായും തടയുകയും അതിനെതിരായി നടപടി എടുക്കുകയും ചെയ്യും. ആ നടപടികൾ സ്വീകരിക്കുന്നത് ആര് ആണെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറിനും അറിയാം. ബഹുമാനപ്പെട്ട മെമ്പറൻമാർ പറഞ്ഞ ശക്തികൾ തന്നെ ഈ കുഴപ്പമുണ്ടാക്കാൻ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ഗവൺമെൻറിന് അറിയാം. ആ ശക്തികൾക്ക് എതിരായി ആർ. എസ്. എസ്. ന് എതിരായി ഗവൺമെൻറ് തീർച്ചയായും പല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമെങ്കിൽ കൂടുതൽ കർശനമായ നടപടികളും സ്വീകരിക്കും. ആ കാര്യത്തിൽ വിട്ടുവീഴ്ചയുടെ പ്രശ്നമേയില്ല ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം എന്ന് ഇതിനു മുമ്പും വ്യക്തമാക്കിയിട്ടുണ്ട്. ക്ഷേത്ര ഭാരവാഹികൾക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അവർക്ക് സംരക്ഷണം ആവശ്യമാണെങ്കിൽ അവർക്ക് അവരുടെ ഉൽസവം നടത്താനും, മറ്റും ഗവൺമെൻറിനേയും പോലീസിനേയും സഹായം ആവശ്യമാണെങ്കിൽ അതെല്ലാം കൊടുക്കും. അവർ പറയുന്നതായിരിക്കും തീർച്ചയായും ഈ കാര്യത്തിൽ ഗവൺമെൻറ് പ്രധാനമായും പരിഗണിക്കുക.

ഡെപ്യൂട്ടി സ്പീക്കർ: മത സൗഹാർദ്ദത്തിനു വിഘാതമുണ്ടാക്കുന്ന സംഘർഷാവസ്ഥ ഉണ്ടാക്കുന്നതിനെ തടയുന്നതിനുവേണ്ടി കർശനമായ നടപടികളും എടുക്കാമെന്നും ക്ഷേത്ര ഭാരവാഹികളും ആവശ്യപ്പെടുന്ന രീതിയിലുള്ള എല്ലാവിധ സംരക്ഷണവും നൽകിക്കൊണ്ട് മത സൗഹാർദ്ദം നിലനിറുത്താൻ ആവശ്യമായ നടപടികളും സ്വീകരിക്കുമെന്നും അങ്ങനെയുള്ള പല നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും ഗവൺമെൻറ് ഉറപ്പ് നൽകിയിരിക്കുന്ന സാഹചര്യത്തിൽ സഭ നിറുത്തിവച്ച് ഇതിനേക്കുറിച്ച് ചർച്ച ചെയ്യേണ്ടതാണെന്നു തോന്നുന്നില്ല. ഈ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

III. ശ്രദ്ധ ക്ഷണിക്കൽ.

കല്ലായി സാ മില്ലിലെ തൊഴിലാളികളുടെ പണിമുടക്കിനെ സംബന്ധിച്ച്

ശ്രീ. പി. സീതി ഹാജി: സർ, ലോക തടി കമ്പോളത്തിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന കല്ലായിയിൽ സാ മിൽ തൊഴിലാളികൾ കഴിഞ്ഞ 25 ദിവസമായി നടത്തി വരുന്ന പണിമുടക്കു മൂലം കോഴിക്കോടു പട്ടണം സ്തംഭിച്ചിരിക്കുകയാണ്. തങ്ങളുടേത് ന്യായമായ അവകാശമാണെന്ന് തൊഴിലാളികളും അവരുടെ അവകാശങ്ങൾ ഞങ്ങൾക്കു താങ്ങാൻ കഴിയാത്തതാണെന്ന് മിൽ മുതലാളിമാരും പറയുന്നതു മൂലമുണ്ടായ സമരമാണ്. കല്ലായിയിൽ 60 സാ മില്ലുകളുണ്ട്. ആയിരക്കണക്കിനു തൊഴിലാളികളുണ്ട്. തൊഴിലാളികൾക്ക് ഇന്നു ജോലി സ്ഥിരതയില്ല. മിൽ മുതലാളിമാർ തൊഴിലാളികളെ കോൺട്രാക്റ്റു സമ്പ്രദായത്തിലാണ് പണിയ്ക്കുവയ്ക്കുന്നത്. അതിൻെറ പേരിലാണ് പല കൺസിലിയേഷനുകളും നടന്നിട്ടും, 25 ദിവസമായിട്ടും ഒരു തീരുമാനത്തിൽ എത്താൻ കഴിയാത്തത്. കല്ലായിയിൽ ഈ മരങ്ങളെല്ലാം അറുത്ത് മഹാരാഷ്ട്രയിലേക്കും ഗുജറാത്തിലേക്കും പത്തേമാരികളിലും ഉരുവിലും ആണ് കൊണ്ടുപോകുക. സീസൺ കഴിഞ്ഞാൽ ഉരു പുറത്തേയ്ക്കിറക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്നു ഗവണ്മെൻറിനും അറിയാം. അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി തന്നെ നേരിട്ടു കോഴിക്കോടു പോകുകയോ അല്ലെങ്കിൽ രണ്ടു കൂട്ടരേയും ഇവിടെ വിളിച്ചോ ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കിയില്ലെങ്കിൽ മലബാർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം അത് ഏറ്റവും വലിയ ഒരു വിപത്തായിത്തീരും. തൊഴിലാളികൾ കഴിഞ്ഞ 25 ദിവസമായി പട്ടിണിയും പരിവട്ടവുമായി കഴിയുകയാണ്. കൺസിലിയേഷനു വിളിച്ചാൽ മുതലാളിമാർ ചെല്ലുന്നില്ല. അതിൻെറ ഫലമായി സമരം നീണ്ടുപോകുകയാണ്. അവിടത്തെ തൊഴിലാളികൾക്കും ഇതൊരു ഭീഷണിയായിത്തീർന്നിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഇതിലേക്കു ക്ഷണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly